## വിവിധ ഘട്ടങ്ങളിലൂടെയുള്ള സന്ന്യാസരൂപീകരണം



പ്രീ-നൊവിഷ്യേറ്റ് ഒന്നാം വർഷം



പ്രീ-നൊവിഷ്യേറ്റ് രണ്ടാം വർഷം



നോവിഷ്യേറ്റ് കാലം



ജൂനിയറേറ്റ് കാലം



നിത്യവ്രതകാലം (തുടർപരിശീലനം)

## ബഥനി ഇന്ന്



1925-ൽ സ്ഥാപിക്കപ്പെട്ട് 1956-ൽ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ബഥനി സന്ന്യാസിനി സമൂഹം ഇന്നേക്ക് 95 വർഷം പിന്നിട്ടു. സമൂഹത്തിന്റെ വളർച്ചയുടെ ഭാഗമായി തിരുവനന്തപുരം, തിരുവല്ല, ബത്തേരി, പത്തനംതിട്ട, മൂവാറ്റുപുഴ എന്നീ അഞ്ചു പ്രോവിൻസുകൾ രൂപംകൊണ്ടു. സന്ന്യാസിനികളും, അർത്ഥിനികളുമായി 1000-ത്തോളം അംഗങ്ങൾ ഇന്ന് ബഥനിക്കുണ്ട്. നാലു ഭൂഖണ്ഡങ്ങളിലായി 150 സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. തങ്ങളുടെ പ്രാർത്ഥനാജീവിതത്തിലൂടെയും, പ്രേഷിത പ്രവർത്തനങ്ങളിലൂടെയും, ദൈവമഹത്വവും, മാനവനന്മയും കൈവരുവാൻ ബഥനിമക്കൾ നിരന്തരം പ്രാർത്ഥിച്ചും, പ്രവർത്തിച്ചും, ദൈവദത്തമായ അവരുടെ നിയോഗപ്രാപ്തിയ്ക്കായി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

### ദൈവവിളിക്കായുള്ള പ്രാർത്ഥന

ദൈവമേ ഞാൻ നിന്റേതാകുന്നു. നിന്റെ ഹിതം പോലെ ഉപയോഗിക്കുവാനായിട്ടു എന്നെ ഞാൻ സമർപ്പിക്കുന്നു. സ്നേഹമേറിയ പിതാവേ, പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും നിന്നെ സ്നേഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ എല്ലാ കഴിവുകളും നിന്റെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ഞാൻ കാഴ്ച വയ്ക്കുന്നു. നിനക്കുവേണ്ടി സേവനം ചെയ്ത് അനേകം ആത്മാക്കളെ നേടിയെടുക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. നിന്റെ മുന്തിരിത്തോപ്പിലേയ്ക്ക് എന്നേയും വിളിക്കണെ. നിന്റെ അളവറ്റ സ്നേഹത്താൽ നീ ഒരുക്കിയിട്ടുള്ള ജീവിതം നയിച്ച് നിന്നെ സ്നേഹിക്കാനും മഹത്വപ്പെടുത്തുവാനും എന്നെ അനുഗ്രഹിക്കണമെ, ആമ്മീൻ.

"ദൈവസേവനത്തെക്കാൾ വലുത് ദൈവസമ്പാദനമാണ്." *(മാർ ഈവാനിയോസ്)*

ബഥനി സന്ന്യാസിനി സമൂഹത്തിൽ ചേർന്ന് ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്ന സന്മനസ്സുള്ളവരായ പെൺകുട്ടികൾക്ക് സ്വാഗതം

പത്താംക്ലാസ് പാസായവരും അതിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരും ബന്ധപ്പെടുക

**Vocation Promoter, Bethany Sisters' Provincialate**
Nalanchira, Trivandrum 695 015
Tel. 0471 2533243, 8547681239, 8289817845. Email. bethanytvm25@gmail. com

# മിശിഹാനുകരണ സന്ന്യാസിനി സമൂഹം

മിശിഹാനുകരണ സന്ന്യാസിനി സമൂഹം ആർഷഭാരത സംസ്കാരവും, പൗരസ്ത്യ സന്ന്യാസ പാരമ്പര്യവും ഉൾക്കൊണ്ട് മലങ്കര സഭയിൽ രൂപംകൊണ്ട ആദ്യ സന്ന്യാസിനി സമൂഹമാണ്.

'ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്റേതാണ്" (ഏശ. 43:1)





## ബൈബിളിലെ ബഥനി

മാർത്തയുടെയും, മറിയത്തിന്റെയും ലാസറിന്റെയും ഭവനം സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് വി. ബൈബിളിലെ ബഥനി. പ്രാർത്ഥനാജീവിതത്തിന്റെ പ്രതീകമാണ്മറിയം. സേവനത്തിന്റെയും ശുശ്രൂഷയുടെയും പ്രതീകമാണ് മാർത്താ. യേശുവിന്റെ പ്രിയ സ്നേഹിതനും, പുനരുത്ഥാനത്തിന്റെ സാക്ഷ്യവുമാണ് ലാസർ. ദൈവസ്നേഹത്താൽ പ്രേരിതമായ പ്രാർത്ഥനയും, അദ്ധ്വാനവും, സുവിശേഷസാക്ഷ്യവും വഴി ദൈവസമ്പാദനത്തിനായി യത്നിക്കുന്ന സന്ന്യാസിനികളുടെ വാസസ്ഥലമാണ് ബഥനിമഠം.



## ബഥനി സ്ഥാപനം

യോഗീവര്യനും, പുണ്യശ്ലോകനുമായ മാർ ഈവാനിയോസ് തിരുമേനി യാക്കോബായ സഭയിലായിരുന്നപ്പോൾ പ്രസ്തുത സഭ യുടെ പുരോഗതി ലക്ഷ്യമാക്കി "മിശിഹാനുകരണ സന്ന്യാസിനീ സമൂഹ"ത്തിനു രൂപം കൊടുത്തു. ഇതിലേക്കായി 1915-ൽ ഏതാനും പെൺകുട്ടികളെ തെരഞ്ഞെടുത്ത് ബാരിസോളിൽ ആംഗ്ലിക്കൻ സഭാംഗങ്ങളായ Oxford Missionary Sisters of Epiphany (O.M.S.E) സഭാംഗങ്ങളുടെയും, കൽക്കട്ടാ ഡയോസിസൻ ഹൈസ്കൂൾ, കോളേജ് ഇവ നടത്തിയിരുന്ന ആംഗ്ലിക്കൻ സിസ്റ്റേഴ്സിന്റെയും കീഴിൽ പരിശീലനത്തിനായി അയച്ചു. 1920 മുതൽ തിരുമൂലപുരത്ത് എപ്പിഫനി സമൂഹാംഗങ്ങളായ മദർ ഈഡിത്ത്, സിസ്റ്റർ ഹെലൻ ഇവരുടെ മേൽനോട്ടത്തിൽ പരിശീലനം തുടർന്നു. 1925 സെപ്റ്റംബർ 21-ാം തീയതി (ജൂലിയൻ കലണ്ടർ) ദൈവമാതാവിന്റെ ജനനത്തിരുനാളിൽ ബഥനിയിലെ ആദ്യത്തെ അംഗങ്ങളിൽ മൂന്നുപേർ വ്രതവാഗ്ദാനം ചെയ്ത് തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ചു. ഇന്ന്, പ. മാതാവിന്റെ ജന്മദിനമായ സെപ്റ്റംബർ 8 (ഗ്രീഗോറിയൻ കലണ്ടർ) സമൂഹസ്ഥാപനദിനമായി ആചരിച്ചു വരുന്നു.



## ബഥനിയുടെ സിദ്ധി

മിശിഹാനുകരണത്തിലൂടെ ത്രിയേക ദൈവത്തിന്റെ രക്ഷാകര കർമ്മത്തിൽ നിരന്തരം പങ്കുചേർന്നുകൊണ്ട് മലങ്കരസഭയുടെ ആദ്ധ്യാത്മിക നവീകരണം, പുനരൈക്യം, സ്ത്രീജനോദ്ധാരണ പ്രവർത്തനങ്ങൾ ഇവ വഴിയായി ഭാരത സുവിശേഷവത്കരണം സാധിതമാക്കുക എന്നതാണ് ബഥനിയുടെ സിദ്ധി. യേശുമിശിഹായെ അവിടുത്തെ പ്രാർത്ഥനാപരമായ ജീവിതത്തിലും, കർമ്മോദ്യുത്ത ജീവിതത്തിലും ഏറ്റവും അടുത്ത് അനുകരിക്കുവാൻ അംഗങ്ങൾ ശ്രദ്ധിക്കുന്നു. ഭാരത സന്ന്യാസത്തിന്റെ ചൈതന്യമായ സർവ്വസംഗ പരിത്യാഗം, ലാളിത്യം, വിനീതത്വം ഇവ സ്വജീവിതത്തിൽ അനുവർത്തിച്ചുകൊണ്ട് ഈ സിദ്ധി സാക്ഷാത്കരിക്കപ്പെടുന്നു.

## ബഥനി സന്ന്യാസിനികളുടെ ജീവിതശൈലി

നമ്മുടെ കർത്താവീശോമിശിഹായെയും ബഥനിയിലെ വിശുദ്ധരെയും അനുകരിച്ചുകൊണ്ടുള്ള •ദൈവസ്നേഹം നിറഞ്ഞ പ്രാർത്ഥനാജീവിതം •തീഷ്ണതയാർന്ന ശുശ്രൂഷാജീവിതം •സുവിശേഷ ജീവിതാനുഭവത്തിന്റെ ആനന്ദപ്രദമായ പങ്കുവയ്ക്കൽ •ദൈവ സ്നേഹത്തിൽ അധിഷ്ഠിതവും ശാന്തവുമായ കൂട്ടായ്മ ജീവിതം •അദ്ധ്വാനവും, ആത്മസംയമനവും, നിഷ്ഠയുമുള്ള ജീവിതക്രമം •ലളിതവും, വിനീതവും, സന്തോഷവും, നിറഞ്ഞ ജീവിതശൈലി •സുവിശേഷോപദേശങ്ങളായ വി. ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ സുകൃതങ്ങൾ ജീവിതവ്രതമാക്കിയുള്ള പ്രതിഷ്ഠാ ജീവിതം.






## ബഥനിയുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾ

- മലങ്കരസഭയുടെ ആത്മീയ നവീകരണം
- വിശ്വാസപരിശീലനം
- അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യം
- ഇതര മതസ്ഥരുടെ ഇടയിലുള്ള സുവിശേഷപ്രഘോഷണം
- സ്ത്രീജനോദ്ധാരണം
- വിദ്യാഭ്യാസം
- ആതുരസേവനം
- ജീവകാരുണ്യപ്രവർത്തനങ്ങൾ
- കുടുംബപ്രേഷിതത്വം
- സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ
- മാധ്യമപ്രേഷിതത്വം






